**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 73**
**30/11/2015-ലെ മറുപടിക്ക്**

## ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച ചെലവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ. ഉമ്മൻ ചാണ്ടി, ബഹു. മുഖ്യമന്ത്രി |
| (എ) | സർക്കാർജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനും പെൻഷൻ പരിഷ്കരണത്തിനും കൂടി തന്നാണ്ടിൽ വരുന്ന അധിക ചെലവ് എത്രയായിരിക്കുമെന്ന് വിശദമാക്കാമോ; | സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനും പെൻഷൻ പരിഷ്കരണത്തിനും കൂടിയുള്ള പ്രതിവർഷ അധിക ബാധ്യത 5277 കോടി രൂപയായി പത്താം ശമ്പള കമ്മീഷൻ കണക്കാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് അദ്ധ്യാപകർ, ഡോക്ടർമാർ, എഞ്ചിനീയർമാർ ഉൾപ്പെടെ മൊത്തം സർക്കാർ ജീവനക്കാർ എത്ര; പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവർ മൊത്തം എത്ര; | വിവിധ വകുപ്പുകളിലെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന സർക്കാർ ജീവനക്കാരുടെ മൊത്തം എണ്ണം 5,11,487 ആണ്. പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവരുടെ മൊത്തം എണ്ണം 4,11,846 ആണ്. |
| (സി) | ശമ്പളവും പെൻഷനും പരിഷ്കരിച്ചതനുസരിച്ച് നൽകുന്നതിന് അധികമായി വേണ്ടിവരുന്ന തുകയുടെ എത്ര ശതമാനം തുക ബഡ്ജറ്റിൽ അധികമായി വകയിരുത്തിയിട്ടുണ്ട്; | പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം ശമ്പളവും പെൻഷനും പരിഷ്കരിച്ച് ഉത്തരവായിട്ടില്ല. 2015-2016 സാമ്പത്തിക വർഷത്തിൽ ശമ്പള, പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട അധിക ചെലവുകൾ നേരിടുന്നതിനായി യഥാക്രമം 1750 കോടി രൂപയും 300 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | 2014-15, 2015-16 എന്നീ വർഷത്തിൽ ശമ്പളം, പെൻഷൻ പരിഷ്കരണത്തിനുവേണ്ടി ബഡ്ജറ്റിൽ അധികമായി വകയിരുത്തപ്പെട്ടിരുന്ന തുക | 2014-2015 സാമ്പത്തിക വർഷത്തിൽ ശമ്പള, പെൻഷൻ പരിഷ്കരണത്തിനായി ബഡ്ജറ്റിൽ അധിക തുക വകയിരുത്തിയിരുന്നില്ല. 2015-2016 സാമ്പത്തിക വർഷത്തിൽ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട അധിക |

| | | |
|---|---|---|
| | എത്ര കോടി വീതമായിരുന്നു; അതിപ്പോൾ ഏത് അക്കൗണ്ടിൽ കിടപ്പുണ്ട്; എന്തു തുകയുണ്ട്? | ചെലവുകൾ നേരിടുന്നതിനായി 1750 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക എല്ലാ വകുപ്പുകളുടേയും ശമ്പള ഇനത്തിലെ ചെലവ് ശീർഷകത്തിൽ ആനുപാതികമായി വിന്യസിച്ചിട്ടുണ്ട്. പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട അധിക ചെലവുകൾ നേരിടുന്നതിനായി 2015-2016 ലെ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് പെൻഷനുമായി ബന്ധപ്പെട്ട ചെലവ് ശീർഷകങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. |

Manjusha

**അക്കൗണ്ട്സ് ഓഫീസർ**